പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 340 06.03.2012 ൽ മറുപടിയ്ക്ക്

തൊട്ടിയാർ ജലവൈദ്യുത പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) തൊട്ടിയാർ ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം എന്ത് ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള താമസം എന്താണ് ; | (ബി) പദ്ധതിക്കുവേണ്ടി ഏറ്റെടുക്കേണ്ട 15 പേരുടെ ഭൂമിക്ക് 2006-07 വരെ കരം അടച്ചിട്ടുണ്ട്. എന്നാൽ റീ സർവ്വേ രേഖകൾ പ്രകാരം പട്ടയരഹിതഭൂമിയായി രേഖപ്പെടുത്തിയിരിക്കുന്നു. ഇതിൽ സ്ഥല ഉടമകൾക്ക് ആക്ഷേപം ഉണ്ട്. ഇത് എത്രയും വേഗം പരിഹരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിലുള്ള ഒരു കമ്മിറ്റി സ്ഥലം ഉടമകളുമായി ചർച്ച ചെയ്താണ് തൊട്ടിയാർ പദ്ധതിയുടെ ഭൂരിഭാഗവും സ്ഥലം ഏറ്റെടുത്തത്. എന്നാൽ 9 പേർ വളരെയധികം വില ആവശ്യപ്പെട്ടതിനാൽ Land Acquisition Act പ്രകാരം ഇവരുടെ സ്ഥലം ഏറ്റെടുക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (സി) പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കും ; | (സി) 09.02.2012 മുതൽ വാളറ പ്രദേശത്തെ നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. |
| (ഡി) പദ്ധതി ഏതുവർഷം പൂർത്തിയാക്കി വൈദ്യുതോല്പാദനം ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ? | (ഡി) ഈ പദ്ധതി 2014 ൽ പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ